(എ) കൈത്തറി മേഖലയിൽ കഴിനൂൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഈ ഇനത്തിൽ കൂടിശ്ശിക നൽകാനില്ല. ഇതിനായി കണ്ണൂർ ജില്ലാ വീവേഴ്സ് സൊസൈറ്റീസ് അസോസ്സിയേഷന്റെ നിവേദനം ലഭിച്ചിട്ടുമില്ല.

(ബി)-(ഇ)ചോദ്യം ഉദിക്കുന്നില്ല.

18 (1746) കെ.എസ്.ഐ.ഡി.സി.യിലെ അനധികൃത നിയമനങ്ങൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിൽ വ്യക്തമായ മാനദണ്ഡമില്ലാതെ അനധികൃത നിയമനം നടക്കുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേരെ ഇതിനകം ഇവിടെ നിയമിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) താൽക്കാലിക ജീവനക്കാരെ നിയമിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാരിൽനിന്നും ഗ്രാന്റ് നൽകുന്നുണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ഗ്രാന്റായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്)സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ നിയമനങ്ങളെല്ലാം പി.എസ്.സി.ക്കു വിടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിൽ നടത്തിയ ചില താൽക്കാലിക നിയമനങ്ങളെപ്പറ്റിയുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏഴുപേരെ നിയമിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി. കൊച്ചിയിൽ എല്ലാ സേവന സൗകര്യങ്ങളും നൽകുമാറുള്ള ഒരു ഓഫീസ് 1996 മേയ് മാസത്തിൽ തുറക്കുകയുണ്ടായി, അതിനുവേണ്ടി പരമാവധി ഉദ്യോഗസ്ഥരെ ഹെഡ്ഓഫീസിൽ നിന്നും എറണാകുളത്തേയ്ക്കു മാറ്റുകയുണ്ടായി. തത്ഫലമായി എറണാകുളത്തും തിരുവനന്തപുരത്തും സാധാരണഗതിയിലുള്ള കുറെ അംഗീകൃത ഒഴിവുകളുണ്ടായി. അവ നികത്തുന്നതിനായി പി.എസ്.സി.വഴി നിയമിക്കേണ്ടതിന് അവരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജോലിക്ക് തടസ്സമുണ്ടാകാതിരിക്കാൻവേണ്ടി താൽക്കാലിമായി 1996 മേയ് മുതൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. റഗുലർ ആൾക്കാർ വരുന്ന മുറയ്ക്ക് ഇവരെ പിരിച്ചുവിടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.ഐ.ഡി.സി. 1996-97-ൽ 943 ലക്ഷം രൂപയും, 1997-98 ൽ 584 ലക്ഷം രൂപയും അറ്റാദായമുണ്ടാക്കി. 1998-99-ൽ ഏതാണ്ട് 800 ലക്ഷം രൂപ ലാഭമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാന്റായി തുക യൊന്നും നൽകിയിട്ടില്ല.

(എഫ്)കെ.എസ്.ഐ.ഡി.സി.യിലെ മാനേജീരിയൽ തസ്തികകളി ലൊഴികെയുള്ള നിയമനങ്ങളെല്ലാം പി.എസ്.സി. ക്കു വിട്ടിട്ടുണ്ട്.

19 (1748) ഫാമിലി കൗൺസിലിംഗ് സെന്ററുകൾ

<u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സെന്ററുകളുടെ പ്രവർത്തനം യഥാസമയം വിലയിരു ത്താനുള്ള സംവിധാനം നിലവിലുണ്ടോ;

(സി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സബ്കമ്മിറ്റികളുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശകബോർഡിന്റെ കീഴിൽ 27 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശകബോർഡിലെ ഫീൽഡ് ഓഫീസർമാർ ഇവയുടെ പ്രവർത്തനം വിലയിരുത്തി നൽകുന്ന റിപ്പോർട്ടിൽ ആവശ്യമായ നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്.

(സി) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഈ സെന്ററുകൾ അവർക്ക് വേണ്ടതായ വിദഗ്ദ്ധ ഉപദേശവും സഹായവും നിയമോപദേശവും നൽകിവരുന്നു. ഇതിനായി നിർദിഷ്ട വിദ്യാഭ്യാസ യോഗ്യതയുള്ളവരും പരിചയസമ്പന്നരുമായ കൗൺസിലർമാരെ നിയമിച്ചി ട്ടുണ്ട്. ഈ സെന്ററുകളുടെ കാര്യക്ഷമമായ നടത്തിപ്പിനായി വിവിധ ഭാഗങ്ങ ളിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി ഓരോ സെന്ററുക ളിലും രൂപികരിച്ചിട്ടുണ്ട്.

(ഡി) ഓരോ സെന്ററിലും രൂപീകരിക്കുന്ന സബ്കമ്മിറ്റികളിൽ മൂന്നിൽ ഒന്ന് അംഗങ്ങൾ സ്ത്രീകളായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തി ട്ടുണ്ട്. കമ്മിറ്റിയിൽ സാമൂഹ്യക്ഷേമപ്രവർത്തകർ, തദ്ദേശസ്വയംഭരണസ്ഥാപ നങ്ങളുടെ പ്രതിനിധി, പ്രാദേശിക പോലീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രതിനിധി, നിയമജ്ഞർ, സാമൂഹ്യശാസ്ത്രജ്ഞർ പ്രഗൽഭരീതിയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയുടെ പ്രതിനിധി എന്നിവർ അംഗങ്ങളാ ണ്. ഇവർ സെന്ററിലെ കൗൺസിലർമാർക്ക് വേണ്ട ഉപദേശവും സഹാ

LIBRARY ARCHIVES Kerala Legislative Assembly